പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2709 — 19. 7.11 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം പദ്ധതി

**ചോദ്യം**

ശ്രീ. ബി.സത്യൻ

**മറുപടി**

ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും
വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം പദ്ധതി നടപ്പാക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം ഒരുക്കങ്ങൾ നടത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ ; | എ | മുൻ സർക്കാരിന്റെ കാലത്ത് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) International Finance Corporation (IFC)-യെ പ്രോജക്ട് ഉപദേശകരായി നിയമിച്ചു. BOT അടിസ്ഥാനത്തിൽ പോർട്ട് ഓപ്പറേറ്ററെ കണ്ടെത്താനുള്ള ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിച്ചു.<br>2) അടിസ്ഥാന സൗകര്യ വികസനത്തിനായി വിഴിഞ്ഞം വില്ലേജിൽ ഏകദേശം 120 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ വേണ്ട നടപടികൾ ആരംഭിച്ചു. ഒഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്കായി പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചു.<br>3. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് പണം സമാഹരിക്കുന്നതിനായി SBT, റെയിൽ കണക്ടിവിറ്റിക്കായി Rail Vikas Nigam Ltd (RVNL), തുറമുഖത്തിന് വൈദ്യുതി ലഭ്യമാക്കുവാൻ KSEB, ശുദ്ധ ജല വിതരണത്തിന് കേരള വാട്ടർ അതോറിറ്റി എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടു.<br>4. പരിസ്ഥിതി ആഘാതപഠനത്തിന് അനുമതിയ്ക്കായി Form I & ToR അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് സമർപ്പിച്ചു. 31-5-2011-ൽ Project Specific അംഗീകാരവും 23-6-2011-ൽ Site Specific അംഗീകാരവും ലഭിച്ചു. |

| | | | |
|---|---|---|---|
| | | | 5. തുറമുഖത്തിന്റെ ഒന്നാംഘട്ട വികസന പ്രവർത്തനങ്ങളുടെ (അടിസ്ഥാന സൗകര്യം) ഉത്ഘാടനം 16/8/2010 ൽ നടന്നു.<br>6. 2010-2011 ബഡ്ജറ്റിൽ 125 കോടി രൂപയും, 2011-2012 ബഡ്ജറ്റിൽ 150 കോടി രൂപയും വകയിരുത്തി.<br>7. പരിസ്ഥിതി പഠനത്തിന് L&T Ramboll -നെയും മണ്ണുപരിശോധനയ്ക്ക് Fugro Geotech Private Limited -നെയും ചുമതലപ്പെടുത്തി. |
| ബി | നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവിലേക്കായി എത്രകോടി രൂപ നൽകാമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ; | ബി) | ഓരോ വർഷവും 250 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്താൻ നടപടികൾ സ്വീകരിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. |
| സി | പ്രാഥമികമായി എത്രകോടി രൂപയാണ് വകയിരുത്തിയത് ; | സി | 2010-2011 ലെ ബഡ്ജറ്റിൽ 125 കോടി രൂപയും, 2011-2012 ലെ ബഡ്ജറ്റിൽ 150 കോടി രൂപയും വകയിരുത്തി. |
| ഡി | ധനസമ്പാദനത്തിനായി ഏതെങ്കിലും കൺസോർഷ്യം രൂപീകരിച്ചിരുന്നുവോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | ഡി | SBT യുടെ നേതൃത്വത്തിൽ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ചിരുന്നു. പക്ഷേ RBI നിർദ്ദേശങ്ങൾ പ്രകാരം ബാങ്കുകൾക്ക് 300 കോടി രൂപ മാത്രമേ കടമായി നൽകാൻ കഴിയുകയുള്ളൂ. ഇത് പരിസ്ഥിതി ക്ലിയറൻസിന് ശേഷം മാത്രമേ അവർക്ക് ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. |
| ഇ | പദ്ധതി പ്രവർത്തനത്തിനായി എത്ര ഹെക്ടർ സ്ഥലമാണ് ആവശ്യമായി വരുന്നത്; അതിൽ എത്ര ഹെക്ടർ സർക്കാർ ഏറ്റെടുത്തിട്ടുണ്ട് ; | ഇ | 120 ഹെക്ടർ ഭൂമി വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ നാളിതുവരെ 14 ഹെക്ടർ ഏറ്റെടുത്തുകഴിഞ്ഞു. |
| എഫ് | എത്ര ഹെക്ടർ കൂടി ഏറ്റെടുക്കാനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട് ; | എഫ് | 31 ഹെക്ടർ കൂടി ഏറ്റെടുക്കുവാനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്. |
| ജി | പദ്ധതി പ്രവർത്തനത്തിനാവശ്യമായ ശുദ്ധജലം, വൈദ്യുതി എന്നിവ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ? | ജി | വൈദ്യുതി ബോർഡ് നിർമ്മാണ ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടത്തിവരുന്നു. ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടികൾ KWA യിൽ പുരോഗമിക്കുന്നു. പമ്പിംഗ് സ്റ്റേഷനുള്ള സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ